**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3905 31.01.2014 ലെ മറുപടിയ്ക്ക്

**നെന്മാറയിൽ പുതിയ ട്രഷറി**

**ചോദ്യം** **ഉത്തരം**

ശ്രീ. വി.ചെന്താമരാക്ഷൻ

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പരിധിയിൽ സബ് ട്രഷറി ഇല്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | : | ഉണ്ട്. |
| (ബി) | നെന്മാറ ബ്ലോക്ക് പരിധിയിലെ പെൻഷൻകാരുടെയും ജീവനക്കാരുടെയും എണ്ണം സംബന്ധിച്ച് വിശദാംശം നൽകുമോ; | : | ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| (സി) | നെന്മാറയിൽ പുതിയ ട്രഷറി തുടങ്ങുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; | : | ഉണ്ട്. |
| (ഡി) | നെന്മാറയിൽ പുതിയ ട്രഷറി അനുവദിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ; പുതിയ ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | ട്രഷറി വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണത്തിന്റെയും, ആധുനിക വൽക്കരണത്തിന്റെയും ഭാഗമായുള്ള കോർബാങ്കിംഗ് സൊല്യൂഷൻ, ഹൊറിസോണ്ടൽ കണക്ടിവിറ്റി തുടങ്ങിയ പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം കുറയുമെന്ന തിനാലും ട്രഷറി ഇടപാടുകൾ കൂടുതൽ സുഗമമാകുമെന്നതിനാലും നെന്മാറ കേന്ദ്രമാക്കി |

| | | | |
|---|---|---|---|
| | | | സബ് ട്രഷറി ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.<br><br>സർക്കാരിന്റെ സാമ്പത്തിക ഇടപാടുകാർ, പെൻഷൻകാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേയ്ക്കുള്ള വിവിധതരം പണം ഒടുക്കലുകൾ, മുദ്രപ്പത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ. |

സെക്ഷൻ ഓഫീസർ